"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്-പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികതുകയുടെ മൂന്നും നാലും ഗഡുക്കൾ (25% വീതം) കേരളാ ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ് ) ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.48/2026/PPAD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന നമ്പർ ഉത്തരവ്
2. 20.08.2023 ലെ സ.ഉ.(കൈ)നം.4/2023/SPD നമ്പർ ഉത്തരവ്
3. 15.09.2025-ലെ സ.ഉ.(സാധാ) നം. 84/2025/PPAD നമ്പർ ഉത്തരവ്
4. 01.11.2025-ലെ സ.ഉ.(അച്ചടി) നം. 139/2025/(93)/ധന നമ്പർ ഉത്തരവ്
   കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ
5. 17/07/2020 തീയതിയിലെ 25/04/2025-ലെ P&A3/577/2025/1796 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ 11-ാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ നിബന്ധനകൾക്ക് വിധേയമായി കേരള ബുക്സ് & പബ്ലിക്കേഷൻസ് ജീവനക്കാർക്കും ബാധകമാക്കി അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു .

2. പതിനൊന്നാം ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 50% തുക കെ.ബി.പി.എസ്സിലെ ജീവനക്കാർക്ക് രണ്ട് ഗഡുക്കളായി (25% വീതം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (4 ) പ്രകാരമുള്ള പതിനൊന്നാം ശമ്പള ശമ്പളപരിഷ്കരണ കുടിശ്ശിക കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി ജീവനക്കാർക്ക് നൽകാനുണ്ടെന്നും ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ശമ്പള കുടിശ്ശിക തുക കെ.ബി.പി.എസ് ജീവനക്കാർക്കും ആയത് അനുവദിക്കണമെന്നും ടി തുക ജീവനക്കാരുടെ പിഎഫ് ലേയ്ക്ക് ക്രഡിറ്റ് ചെയ്യണമെന്ന നിബന്ധന പാലിക്കാൻ സാധിക്കാത്തതിനാൽ കുടിശ്ശികതുക ഒറ്റത്തവണ പണമായി കെബിപിഎസ് ന്റെ ആർജ്ജിത

ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം കെബിപിഎസ് എം.ഡി. ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികകളുകയുടെ മൂന്നും നാലും ഗഡുക്കൾ (25% വീതം), 2026 April 1 ന് ശേഷം സർക്കാർ ജീവനക്കാർ/അദ്ധ്യാപകർ എന്നിവർക്ക് നൽകുന്ന മുറയ്ക്ക്; കെ ബി പി എസ് ജീവനക്കാർക്ക്, കെ ബി പി എസ് -ന്റെ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ , കേരള ബുക്ക്സ്&പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട് , കൊച്ചി-682030
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II കേരള), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ, കേരള), തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്( Vide U.O Note No. C2/32/2022-FIN dated 09/02/2026)
6. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 13-03-2026 12:59:08
സെക്ഷൻ ഓഫീസർ